രാജ്യസഭയിൽ ഈ ബില്ല് അവതരിപ്പിക്കുന്നതിനുമുമ്പ് ഗവൺമെൻറ് പത്രപ്രവർത്തകരുടെ സംഘടനകളുമായി ഈ ഭേദഗതികളെപ്പററി കൂടിയാലോചിക്കേണ്ടതായിരുന്നു. ബില്ല് പാർലമെൻറിൽ പാസ്സാക്കിയെടുക്കുംമുമ്പ്, അതിൽ നിർദേശിക്കുന്ന ഭേദഗതികളെപ്പററി വിശാലമായ അടിസ്ഥാനത്തിൽ ചർച്ചകൾ നടക്കേണ്ടതു് പത്രവ്യവസായത്തിൻെറയും രാജ്യത്തിൻെറയും ഉത്തമ താല്പര്യങ്ങൾ സംരക്ഷിക്കുന്നതിനു് അനുപേക്ഷണീയമാണു്.

## 3. ടെലിവിഷനും പുസ്തകവും

ആധുനികലോകത്തിലെ ഏററവും ശക്തമായ മാധ്യമമാണു് ടെലിവിഷൻ. വാർത്തകൾ അറിയിക്കുന്നതിനെന്നപോലെ വിജ്ഞാനം വ്യാപിപ്പിക്കുന്നതിനും വിനോദം നൽകുന്നതിനും ഈ മാധ്യമത്തിനുള്ള സാധ്യതകൾ നാം അനുഭവിച്ചറിഞ്ഞു തുടങ്ങിയിട്ടേ ഉള്ളു.

സർക്കാരിൻെറയോ കോർപറേഷനുകളുടെയോ നിയന്ത്രണത്തിലുള്ള ടെലിവിഷൻ പ്രക്ഷേപണങ്ങൾ ലോകത്തിലെ എല്ലാ പരിഷ്കൃതരാജ്യങ്ങളിലും നടപ്പായിക്കഴിഞ്ഞിട്ടുണ്ടു്. ഇന്ത്യയിലും സർക്കാർ നിയന്ത്രണത്തിലുള്ള ടെലിവിഷൻ പ്രക്ഷേപണം അതിവേഗത്തിൽ വികസിച്ചുകൊണ്ടിരിക്കുകയാണു്. ടെലിവിഷൻ പ്രക്ഷേപണം എത്താത്ത ഒരു പ്രദേശവും ഇന്ത്യയിലില്ല എന്ന നില വരാൻ ഇനി ഏറെ താമസമില്ല.

പൊതുവിലുള്ള ഈ ടെലിവിഷൻ പ്രക്ഷേപണത്തിനുപുറമേ, കമ്പികളിലൂടെ ടെലിവിഷൻ പ്രക്ഷേപണം എത്തിക്കുന്ന 'കേബിൾ ടിവിയും' ഇന്ത്യയിൽ അവിടവിടെ പ്രത്യക്ഷപ്പെട്ടു തുടങ്ങിയിട്ടുണ്ടു്. വളരെ ആളുകൾ തിങ്ങിത്താമസിക്കുന്ന ഫ്ളാററുകൾ, തൊട്ടുതൊട്ടു വീടുകൾ നിലകൊള്ളുന്ന കോളനികൾ മുതലായവയിലാണു് കേബിൾ ടിവി പ്രയോജനപ്പെടുന്നതു്.

വീഡിയോ കാസററുകൾ വാടകയ്ക്കെടുത്തു് വീടുകളിൽ കാണിക്കുന്നതിനു പകരം, ഒരിടത്തു് വീഡിയോ കാസെററ് പ്രൊജക്റ്റ് ചെയ്തു്, കേബിൾ വഴി പല ടെലിവിഷൻ സെററുകളിൽ കാണാറാക്കുവാൻ ഈ സംവിധാനം ഉപകരിക്കുന്നു. കാസെററിനു താരതമ്യേന വലിയ വാടക കൊടുക്കേണ്ടിവരുമ്പോൾ കേബിൾവഴി വീഡിയോ പ്രദർശനം കാണാൻ തുച്ഛമായ വരിസംഖ്യയേ നൽകേണ്ടിവരികയുള്ളു. വളരെ വേഗത്തിൽ കേബിൾ ടിവി ഇന്ത്യയിലെ നഗരങ്ങളിൽ പ്രചരിപ്പിക്കുമെന്നാണു് കരുതേണ്ടതു്. സിനിമക്കൊട്ടകകളിലെ ജനത്തിരക്കു് ഇതുമൂലം കുറഞ്ഞുകൂടെന്നില്ല.

ടെലിവിഷൻെറ ആകർഷണത്തെ ചെറുത്തുനിൽക്കുക കൃച്ഛ്റസാദ്ധ്യമാണു്. പ്രക്ഷേപണം ചെയ്യുന്നതു പരസ്യമാണെങ്കിൽപ്പോലും ടെർമിനലിൽനിന്നു കണ്ണെടുക്കുക പ്രയാസമാകുന്നു. കുട്ടികളുടെയും വൃദ്ധന്മാരുടെയും ആവർത്തനരൂപങ്ങളായ ജോലികളിൽ ഏർപ്പെട്ടവരുടെയും ബുദ്ധിപരമായ കാര്യങ്ങളിൽ താല്പര്യം കുറഞ്ഞവരുടെയും കാര്യത്തിൽ ടെലിവിഷൻെറ ആകർഷണം അപ്രതിരോധ്യംതന്നെ ആയിരിക്കും. പ്രേക്ഷകൻെറ ചിന്തയിൽ ഒരു സമ്മർദവും ടെലിവിഷൻ ചുമത്തുന്നില്ല എന്നതാണു് ഇതിനു കാരണം.

### പുസ്തകങ്ങൾ

ഇത്തരക്കാർ ഇപ്പോൾ ഒഴിവുസമയത്തിലധികവും ചെലവഴിക്കുന്നതു പത്രങ്ങളോ ആനുകാലികങ്ങളോ പുസ്തകങ്ങളോ വായിച്ചാണു്. ടെലിവിഷൻ, പ്രത്യേകിച്ചു് കേബിൾ ടിവി സാർവത്രികമായാൽ, വായനയ്ക്കു് ഇപ്പോൾ നീക്കിവെ

കുന്ന സമയത്തിലേറെയും ടെലിവിഷന്റെ മുമ്പിൽ കുത്തിയിരിക്കാനായിരിക്കും അവർ ചെലവാക്കുക. അതിനാൽ ഇവരുടെ വായന സ്വാഭാവികമായും കുറയും. നോവലുകളും ആനുകാലികങ്ങളും പത്രങ്ങളുംപോലെയുള്ള ലഘു—വായന—ഉപകരണങ്ങളുടെ പ്രചാരം ഇതുമൂലം സാരമായി ചുരുങ്ങാനിടയുണ്ട് എന്നു പലരും ഭയപ്പെടുന്നു.

ചുമ്മാ ഇരിക്കാൻ ധാരാളം സമയം ഭൂരിപക്ഷം ആളുകൾക്കും ലഭിക്കുന്ന സമൂഹങ്ങളിൽ ടെലിവിഷന്റെ മത്സരം പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും പത്രങ്ങളുടെയും പ്രചാരത്തെ കുറെയൊക്കെ ബാധിക്കാനിടയുണ്ട്. എന്നാൽ, മിക്ക ആളുകൾക്കും എന്തെങ്കിലും ജോലിയുള്ള വ്യവസായവൽകൃത സമൂഹങ്ങളിൽ പുസ്തകങ്ങളുടെയും ആനുകാലികങ്ങളുടെയും പത്രങ്ങളുടെയും നില ഭദ്രം തന്നെയാണ്.

ഓഫീസുകളിലോ ഫാക്ടറികളിലോ ജോലി ചെയ്യുന്നവരിലധികവും ജോലിസ്ഥലങ്ങളിൽനിന്ന് അകന്നു പാർക്കുന്നവരായിരിക്കും. ഇക്കൂട്ടരുടെ ലഘുവായനയിൽ ഏറെയും നിർവഹിക്കപ്പെടുന്നത് തീവണ്ടിയിലോ ബസ്സിലോ ഉള്ള യാത്രയ്ക്കിടയിലാണ്. യാത്രക്കാർക്ക് ടിവി നോക്കിയിരിക്കാൻ സാധ്യമല്ലല്ലോ. പത്രങ്ങളും ആനുകാലികങ്ങളും പുസ്തകങ്ങളും അവർക്കു ബസ്സിലും തീവണ്ടിയിലും ഇരുന്നു വായിക്കാം.

വായന അല്പം ഗൗരവബുദ്ധിയോടെ നിർവഹിക്കുന്നവർക്കാണെങ്കിൽ പുസ്തകം അനുപേക്ഷണീയംതന്നെ. വായിച്ചു ചെല്ലുമ്പോഴായിരിക്കും മുമ്പു പറഞ്ഞ കാര്യങ്ങളെപ്പറ്റി ചില സംശയങ്ങൾ ഉദിക്കുക. പുസ്തകമാണെങ്കിൽ, പിന്നോട്ടു പേജ് മറിച്ചു സംശയം തീർത്ത്, മുന്നോട്ടു പോവാം. ഈ സൗകര്യം ടെലിവിഷനോ റേഡിയോവിനോ ഇല്ലാത്തതും അച്ചടിച്ച മാധ്യമങ്ങൾക്കു മാത്രമുള്ളതുമാണ്. ഇലക്ട്രോണിക് മാധ്യമങ്ങൾ പ്രേക്ഷകനെയും ശ്രോതാവിനെയും കാലത്തിലൂടെ കുത്തനെ മുന്നോട്ടു നയിക്കുന്നു; അച്ചടിമാധ്യമങ്ങൾ കാലത്തിലൂടെ യഥേഷ്ടം മുന്നോട്ടും പിന്നോട്ടും പോകാൻ വായനക്കാരനെ സഹായിക്കുന്നു.

## പഠനങ്ങളിലൂടെ

കാര്യമായ എന്തെങ്കിലും സന്ദേശം, അല്ലെങ്കിൽ വിവരം പകർന്നുനൽകുന്നതിനു ടെലിവിഷൻ വളരെയൊന്നും ഉപകരിക്കുകയില്ല എന്നു പഠനങ്ങളിലൂടെ പ്രകടമായിട്ടുണ്ട്. ടെലിവിഷനിലെ ചിത്രം കണ്ടിരിക്കുന്ന ആൾ പരിപാടി എന്തിനെക്കുറിച്ചായിരുന്നു എന്നുപോലും പിന്നീട് ഓർമിക്കാതിരിക്കുക എന്നതു സാധാരണയാണ്. സന്ദേശമോ വിവരമോ നൽകുന്നതിൽ ടെലിവിഷനെക്കാൾ എത്രയോ ഭേദമാണ് റേഡിയോ. റേഡിയോയെക്കാൾ പതിന്മടങ്ങു മേന്മ ഈ വിഷയത്തിൽ അച്ചടിച്ച മാധ്യമങ്ങൾക്കുണ്ട്. കണ്ടവൻ മറക്കും, വായിച്ചവൻ ഓർക്കും.

ദരിദ്രരുടെ മാധ്യമമാണ് പുസ്തകം. കടലാസിനും അച്ചടി ഉപകരണങ്ങൾക്കും ചെലവും പുസ്തകനിർമാണവ്യവസായത്തിലെ തൊഴിൽക്കാർക്കു വേതനവും ഏറിവരുന്ന തോതിനു പുസ്തകത്തിന്റെ വിലയും വർധിച്ചുവരികയാണെന്ന വസ്തുത വിസ്മരിക്കുന്നില്ല. എന്നാലും ഏതു കാലത്തും വീഡിയോ കാസെറ്റിനെക്കാൾ പുസ്തകത്തിനു വില ചുരുങ്ങിയിരിക്കാനാണു സാധ്യത.

## അച്ചടി മാധ്യമം

പുസ്തകം വായിക്കാൻ പുസ്തകവും വായനക്കാരന്റെ സന്നദ്ധതയും സാധാരണ വെളിച്ചവും ഉണ്ടായാൽ മതി. അനുസ്യൂതവും ഏകരൂപവുമായ വൈദ്യുതി പ്രവാഹം, തകരാറില്ലാത്ത യന്ത്ര സംവിധാനം, അടച്ചുകെട്ടിയ മുറി മുതലായവ ഉണ്ടായാലേ ടെലിവിഷൻ പരിപാടികൾ കാണാൻ പറ്റൂ. ടെലിവിഷൻ പരി

പാടികളും കണ്ടാസ്വദിക്കാനുള്ള സാഹചര്യങ്ങൾ ദരിദ്ര്യരാജ്യങ്ങളിൽ, പ്രത്യേകിച്ചും ഗ്രാമപ്രദേശങ്ങളിൽ മിക്കപ്പോഴും ഉണ്ടായെന്നു വരില്ല. അതിനാൽ ദരിദ്രമായ ഒരു ജനത വിജ്ഞാനസമ്പാദനത്തിനു മുഖ്യമായും അച്ചടിമാധ്യമങ്ങളെത്തന്നെ ആശ്രയിക്കേണ്ടിവരും.

മനുഷ്യശരീരത്തോടു പൊരുത്തപ്പെട്ടു വർത്തിക്കുന്നതിനാൽ മനുഷ്യശരീരം പോലെതന്നെ ആയിത്തീർന്ന ചില ഉപകരണങ്ങളുണ്ട്. വെള്ളം കുടിക്കാൻ ഉപയോഗിക്കുന്ന കോപ്പയും ഗ്ലാസും, ചെറിയ പേനക്കത്തി, പേന, റിസ്റ്റ് വാച്ച്, ബട്ടൻ, സേഫ്റ്റിപിൻ, കണ്ണട മുതലായവ ഉദാഹരണം. പുസ്തകത്തിന്റെ സ്ഥാനവും ഇത്തരം ഉപകരണങ്ങളുടെ കൂടെയാണ്. ടെലിവിഷൻ സെറ്റും റേഡിയോ സെറ്റും ഗൃഹോപകരണങ്ങളാണ്; ശരീരാവയവ സഹായികളല്ല.

## പുസ്തകം മരിക്കില്ല

ടെലിവിഷന്റെ പ്രചാരംകൊണ്ട് ഇന്ത്യയിലൊരിടത്തും പത്രങ്ങൾക്കോ ആനുകാലികങ്ങൾക്കോ പ്രചാരം ഇന്നോളം കുറഞ്ഞിട്ടില്ല. അവയിൽ പരസ്യത്തിന്റെ തോതിനും കുറവു വന്നിട്ടില്ല. പുസ്തകത്തിന്റെ പ്രചാരം കുറയുകയാണെന്നു ചില പുസ്തകപ്രസാധകർ ആവലാതിപ്പെടുന്നതിനും ആധാരമൊന്നുമില്ല. ആണ്ടോടാണ്ട് ഇന്ത്യയിൽ പുസ്തകങ്ങളുടെ മൊത്തം വില്പന വർദ്ധിച്ചുവരികതന്നെയാണെന്നാണ് എനിക്കു കിട്ടിയിട്ടുള്ള അറിവ്.

പക്ഷേ, ടെലിവിഷൻ യുഗത്തിൽ പുസ്തകത്തിന്റെ ഗുണമേന്മ വളരെ ഉയരേണ്ടതായിട്ടുണ്ട്. പുസ്തകത്തിന്റെ ഉള്ളടക്കം, സംവിധാനം, കടലാസ്, അച്ചടി, ബയൻഡ് എല്ലാം അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരണം. ഇന്നത്തേതുപോലെ അതിപ്രാകൃതമായ രീതിയിൽ പടച്ചുവിടുന്ന പുസ്തകങ്ങൾക്ക് അന്താരാഷ്ട്ര നിർമാണനിലവാരം ദീക്ഷിച്ചു നിർമിക്കുന്ന ടെലിവിഷൻസെറ്റിന്റെ മീതേ സ്ഥാനം നൽകുന്നതിനെ നമ്മുടെ യുക്തിബോധവും സൗന്ദര്യബോധവും നീതീകരിക്കുകയില്ല.

# 4. ഗാന്ധിസ്മൃതി

1934 ജനുവരി 18-ാം തീയതിയാണ് മഹാത്മാഗാന്ധിയെ ഞാൻ ആദ്യമായി കണ്ടത്. ഹരിജനങ്ങളുടെ പ്രശ്നങ്ങളിലേക്ക് ജനങ്ങളുടെ ശ്രദ്ധയാകർഷിക്കുന്നതിനും ഹരിജന സേവാസംഘത്തിന് ധനം ശേഖരിക്കുന്നതിനുംവേണ്ടി ദക്ഷിണേന്ത്യയിൽ പര്യടനം നടത്തുകയായിരുന്നു ഗാന്ധിജി. ബാംഗ്ലൂരിൽനിന്ന് ജനുവരി 10-ാം തീയതി പാലക്കാട്ട് എത്തിയ ഗാന്ധിജി 'ഇന്ത്യയുടെ അയിത്ത-ഭൂപടത്തിൽ ഏറ്റവും കറുത്ത പ്രദേശം' എന്ന് മലബാറിനെ വിശേഷിപ്പിച്ചു. അദ്ദേഹം പറഞ്ഞു:

'എന്റെ ആത്മാവിന്റെ അഗാധതയിൽനിന്ന് സത്യം വെട്ടിത്തുറന്നു പറയാനാണ് ഞാൻ മലബാറിൽ വന്നിട്ടുള്ളത്. നിങ്ങൾക്ക് അറിയാവുന്നതുപോലെ മലബാറിലെ പലതിനെപ്പറ്റിയും ഞാൻ അത്യധികം വാഴ്ത്തി പറഞ്ഞിട്ടുണ്ട്. ലോകത്തിൽ മറ്റൊരിടത്തിനും പുറകിലല്ലാത്ത പ്രകൃതിഭംഗി ഇവിടെയുണ്ട്. മര്യാദ പുലർത്താമെങ്കിൽ മനുഷ്യന് മലബാറിൽ സുഖജീവിതം നയിക്കാം. ഇന്ത്യയിൽ ഏറ്റവുമധികം സ്വാതന്ത്ര്യം അനുഭവിക്കുന്നവളാണ് മലബാറിലെ സ്ത്രീ. എന്റെ ബഹുമാനം ആർജിച്ച ഒരു അന്തസ്സ് മലബാറിൽ ഞാൻ കണ്ട എല്ലാ സ്ത്രീകൾക്കുമുണ്ട്. പക്ഷേ, മലബാറിലെ അയിത്തത്തെപ്പറ്റി ആർക്കും അഭിമാനംകൊള്ളാനാവില്ല. ഭൂമിയിലെ ഏറ്റവും നികൃഷ്ടമായ വസ്തു